**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 268** | **08-10-2025 - ൽ മറുപടിയ്ക്ക്**

**ഐ. ടി. പ്രൊഫഷണലുകളുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീമതി കെ. കെ. രമ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഐ. ടി. മേഖലയിൽ തൊഴിലാളികളുടെ അനിയന്ത്രിതമായ കൂട്ടപിരിച്ചുവിടൽ റിപ്പോർട്ട് ചെയ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഐ.ടി മേഖലയിൽ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങൾ ആകമാനമായി തൊഴിലാളികളെ അനിയന്ത്രിതമായ കൂട്ടപിരിച്ചുവിടൽ നടത്തുന്നത് സംബന്ധിച്ച് വ്യക്തികളോ തൊഴിലാളി യൂണിയനുകളോ പരാതി ഉന്നയിച്ചിട്ടില്ല.<br><br>എന്നാൽ ടാറ്റ കൺസൾട്ടൻസി സർവ്വീസസിന്റെ എറണാകുളം, തിരുവനന്തപുരം സെന്ററുകളിൽ നിന്നും ജീവനക്കാരെ നിർബന്ധിച്ച് രാജി വയ്പ്പിക്കുന്നതിന് മാനേജ്മെന്റ് ശ്രമിക്കുന്നതായി പ്രതിധ്വനി എന്ന സംഘടനയുടെ കൺവീനർ ഒരു പരാതി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പിരിച്ചു വിടപ്പെടുന്ന ഓരോ ഐ. ടി. പ്രൊഫഷണലിനും നിയമാനുസൃതമായ നഷ്ടപരിഹാരം ലഭ്യമാക്കാൻ തൊഴിൽ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | പിരിച്ചുവിടപ്പെടുന്ന ഐ.ടി ജീവനക്കാർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനായി 1947ലെ വ്യവസായ തർക്ക നിയമപ്രകാരം റിട്രഞ്ച്മെന്റ് കോമ്പൻസേഷനായി ജില്ലാ ലേബർ ഓഫീസർ മുൻപാകെ അപേക്ഷ സമർപ്പിക്കേണ്ടതായിട്ടുണ്ട്. അപ്രകാരം ലഭ്യമാകുന്ന അപേക്ഷകളിൽ സമയ ബന്ധിതമായി നടപടി പൂർത്തീകരി ക്കുന്നതുമാണ്. കൂടാതെ, 1972 ലെ പേയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി നിയമപ്രകാരം ഗ്രാറ്റുവിറ്റി ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട അതോറിറ്റിയായ ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുൻപാകെ അപേക്ഷ സമർപ്പിക്കാവുന്നതുമാണ്. |
| (സി) | പിരിച്ചുവിടപ്പെട്ട ഐ. ടി. പ്രൊഫൈഷണലുകളുടെ പുനരധിവാസത്തിന് തൊഴിൽ വകുപ്പിൽ നിലവിലുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) | പിരിച്ചുവിടപ്പെട്ട ഐ.ടി പ്രൊഫഷണലുകളുടെ പുനരധിവാസത്തിനായി തൊഴിൽ വകുപ്പ് നിലവിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ